Draft #22 of File 64499/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Jun-2022 12:59 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പ് - 2021-22: - അധികമായി അനുവദിച്ച 50 ഫെലോഷിപ്പുകളുടെ വിതരണം - കമ്മിറ്റിയുടെ ശുപാർശകളും ഫെലോഷിപ്പ് അനുവദിക്കപ്പെട്ട ഗവേഷകരുടെ പട്ടികയും അംഗീകരിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 6321/AC A 6/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.06.2022

---

*പരാമർശം:*-1. 28-04-2022 തീയതിയിലെ സ. ഉ. നം. 4446/AC A6/ 2022/എം.ജി.യു

2. 07-05-2022 തീയതിയിലെ സ. ഉ. നം. 4761/AC A6/2022/എം.ജി.യു .

3. പരാമർശം (1) & (2) പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ 02-06-2022 തീയതിയിൽ കൂടിയ യോഗത്തിൻറെ മിനിട്സ്.

4. ടി കമ്മിറ്റിയുടെ 15-06-2022 ൽ കൂടിയ യോഗത്തിന്റെ മിനിട്സ്

5. 13-06-2022 തീയതിയിലെ സ. ഉ. നം. 6121/AC A 6 /2022/എം.ജി.യു

**ഉത്തരവ്**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠന വകുപ്പുകളിലും അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലുമായി പൂർണ്ണ സമയ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന 150 ഗവേഷകർക്ക് വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2021-22 വർഷത്തേക്കുള്ള ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് അനുവദിക്കുന്നതിനോടൊപ്പം 2021-22 വർഷത്തേക്ക് അനുവദിക്കുന്ന യൂണിവേഴ്സിറ്റി ജൂനിയർ റിസർച്ച് ഫെലോഷിപ്പുകളുടെ ആകെ എണ്ണം 150 ൽ നിന്നും 200 ആക്കി ഉയർത്തുവാനും, അധികമായി അനുവദിച്ച 50 ഫെലോഷിപ്പുകളുടെ വിതരണത്തിനുള്ള അനുപാതവും മറ്റു നിബന്ധനകളും സംബന്ധിച്ച് പഠിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഷജിലാ ബീവി എസ്., ഡോ. എം. എച്ച്. ഇല്ല്യാസ്, ഡോ. റോബിനെറ്റ് ജേക്കബ്, ഡോ. കെ. എം. സുധാകരൻ, ശ്രീ. ജസ്റ്റിൻ ജോസഫ് എന്നിവരടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചു കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ടി കമ്മിറ്റിയുടെ കൺവീനറായി ഡോ. എം. എച്ച്. ഇല്ല്യാസിനെ ബഹു. വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുകയും കമ്മിറ്റി അടിയന്തിരമായി വിളിച്ചു കൂട്ടുവാൻ ഉത്തരവാകുകയും ചെയ്തു.

അതിൻപ്രകാരം പ്രസ്തുത കമ്മിറ്റി 02.06.2022 ൽ യോഗം ചേരുകയും താഴെപ്പറയും വിധം ശുപാർശകൾ നൽകുകയും ചെയ്തു.

" 1. അധികമായി അനുവദിച്ച 50 ജൂനിയർ റിസർച്ച് ഫെലോഷിപ്പിൽ നിന്ന് 2018 -19 ബാച്ചിലെ അപേക്ഷകരിൽ നിലവിൽ ഫെലോഷിപ്പിനു അർഹതപ്പെട്ട മുഴുവൻ പേർക്കും നൽകുക

2 . സൂചന (1 ) - ൽ പരാമർശിച്ച ഫെലോഷിപ്പുകളുടെ ബാക്കി എണ്ണം യൂണിവേഴ്സിറ്റി പഠന വകുപ്പുകളിലെ അപേക്ഷകർക്ക് സീനിയോരിറ്റി (പ്രവേശനത്തീയതി) യുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുക.

3 . ഈ വിഷയം വിശദമായി ചർച്ച ചെയ്തതിൽ നിന്ന് താഴെപ്പറയുന്ന ശുപാർശകൾ കൂടി തുടർ വർഷങ്ങളിലെ ഫെലോഷിപ്പ് വിതരണത്തിന് പരിഗണിക്കേണ്ടതിലേയ്ക്ക് സമർപ്പിക്കുന്നു.

(a) യൂണിവേഴ്സിറ്റിയിൽ ഗവേഷണത്തിന് രജിസ്റ്റർ ചെയ്ത അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും

ഫെലോഷിപ്പ് നൽകുക.

(b) കോഴ്സ് വർക്ക് സമയബന്ധിതമായി നടത്തി പെർമനന്റ് രജിസ്ട്രേഷൻ നൽകുകയും, പെർമനന്റ് രജിസ്ട്രേഷൻ ലഭിച്ചവർക്ക് മാത്രമായി ഫെലോഷിപ്പ് അപേക്ഷ സമർപ്പിക്കുവാനുള്ള അവസരം പരിമിതപ്പെടുത്തുകയും ചെയ്യുക. ഇക്കാര്യം നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തുക .

(c) സർക്കാരിൽ നിന്ന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫെലോഷിപ്പ് തുക ആവശ്യപ്പെടുന്നതിന് പ്രിൻസിപ്പൽമാരോട് ആവശ്യപ്പെടുക.

(d) എയ്ഡഡ് മേഖലയിലുള്ള സ്വയം ഭരണ കോളേജുകൾ അവരുടെ റിസർച്ച് സെൻ്ററുകളിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് തനത് ഫണ്ടിൽ നിന്ന് ഫെലോഷിപ്പ് തുക കണ്ടെത്തി നൽകുക .

(e) 2019 -20 ബാച്ചിൽ ഗവേഷണത്തിന് ചേർന്ന ഇനിയും ഫെലോഷിപ്പ് ലഭിക്കാത്ത അപേക്ഷകർക്ക് അടിയന്തിരമായി ഫെലോഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക."

പ്രസ്തുത കമ്മിറ്റി 15-06-2022 ൽ വീണ്ടും യോഗം ചേരുകയും താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുകയും ചെയ്തു.

" മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം 02-06-2022 - ൽ യോഗം കൂടുകയും പുതുതായി അനുവദിച്ച ഫെലോഷിപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ 02-06-2022 പ്രകാരം ഉള്ള ശുപാർശയിലെ രണ്ടാമത്തെ പോയിന്റിൽ "സീനിയോറിറ്റി" (പ്രവേശനത്തീയതി) എന്നത് ഫെലോഷിപ്പ് നൽകുന്നതിന്റെ മാനദണ്ഡമായി സൂചിപ്പിച്ചിരുന്നു. ടി സൂചന പരിശോധിച്ചതിൽ പ്രവേശനത്തീയതിയിലെ സീനിയോറിറ്റി കണക്കാക്കുമ്പോൾ ഒരേ തീയതിയിൽ തന്നെ പ്രവേശനം നേടിയ നിരവധി അപേക്ഷകർ ഉള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ മാനദണ്ഡം തീരുമാനിക്കുമ്പോൾ താഴെപറയുന്നവ നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

ഒരേ പ്രവേശന തീയതി വരുന്നവരിൽ ജനനത്തീയതി സീനിയോറിറ്റി അനുസരിച്ചുള്ള മാനദണ്ഡം പരിഗണിക്കുന്നതിനും സ.ഉ.നം. 6121/AC A6/2022/MGU തീയതി 13-06-2022 ഉത്തരവ് പ്രകാരം UJRF പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. പ്രജിത വി നൽകിയ അപേക്ഷയും നം.4761/AC A6/2022/MGU തീയതി 07-05-2022 ഉത്തരവ് പ്രകാരമുള്ള കമ്മിറ്റിയുടെ പരിഗണനക്കായി നൽകിയിരുന്നു.

പ്രസ്തുത വിഷയത്തിൽ 01-01-2020 ൽ പ്രവേശനം നേടിയ NET യോഗ്യത ഉള്ള ഏഴ് (7) അപേക്ഷകർ ഉണ്ടെന്ന് മനസിലാക്കുന്നു.

താഴെ പറയുന്ന നിബന്ധനകളോടെ നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

1. ശ്രീമതി പ്രജിത വി. നൽകിയ അപേക്ഷ പരിഗണിച്ച് ടി അപേക്ഷകയെ ഫെലോഷിപ് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും

2. അത്തരത്തിൽ ഒഴിവ് വരുന്ന 1 (ഒരു) ഫെലോഷിപ്പ് 2020 ജനുവരി 1-)o തീയതിയിൽ പ്രവേശനം നേടിയ NET യോഗ്യത ഉള്ളവരിൽ നിന്നും ജനനത്തീയതിയുടെ സീനിയോറിറ്റി അനുസരിച്ച് നൽകുന്നതിനും

3. 01.01.2020 ൽ പൂർണ സമയ ഗവേഷണത്തിന് ജോയിൻ ചെയ്ത മിൻസി മാത്യു എന്ന ഗവേഷക സ്ഥിരജോലി ലഭിച്ചതായി അറിയിച്ചതിനാൽ, ഫെലോഷിപ്പിനുള്ള അപേക്ഷകരുടെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും" ശുപാർശ ചെയ്തിരുന്നു.

കമ്മിറ്റിയുടെ മേൽ പറഞ്ഞ ശുപാർശകളും അതിൻ പ്രകാരം ഫെലോഷിപ്പിന് അർഹരായവരുടെ പട്ടികയും 1985 ലെ മഹാത്മാ ഗാന്ധി സർവകലാശാല നിയമം ,അദ്ധ്യായം III, 10 (17) വകുപ്പ് പ്രകാരം ബഹു.വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായി.

Draft #22 of File 64499/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Jun-2022 12:59 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഫെലോഷിപ്പ് അനുവദിക്കപ്പെട്ടിട്ടുള്ള ഗവേഷകരുടെ പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No. | Name | Date of Birth | Subject of Research | Centre of Research | Date of Joining | Remarks |
|---|---|---|---|---|---|---|
| 1 | Aswathy R. Chandran | 05-11-87 | Physics | S. B. College, Changanassery | 01-01-2019 | |
| 2 | Nirmalya P. | 19-11-87 | Development Studies (Political Science) | School of Gandhian Thoughts and Development Studies, MGU | 01-01-2019 | |
| 3 | Jacob George | 10-12-88 | Physics | S. B. College, Changanassery | 01-01-2019 | |
| 4 | Ratheesh E. R. | 13-03-89 | Economics | M. A. College, Kothamangalam | 01-01-2019 | |
| 5 | Kavitha C. K. | 15-06-89 | Malayalam | Nirmala College, Muvattupuzha | 01-01-2019 | |
| 6 | Karthika P. Devan | 09-05-90 | Management Studies (Commerce) | School of Management and Business Studies, MGU | 01-01-2019 | |
| 7 | Bineesh C. B. | 20-05-90 | Development Studies | SGTDS, MGU | 01-01-2019 | |
| 8 | Vineetha Vijayan | 22-09-90 | Computer Science | School of Computer Sciences, MGU | 01-01-2019 | |
| 9 | Jinil T. N. | 01-05-91 | Development Studies (Social Work) | School of Gandhian Thoughts and Development Studies, MGU | 01-01-2019 | |
| 10 | Sreelekshmi K | 15-05-91 | Biotechnology | School of Biosciences, MGU | 01-01-2019 | |
| 11 | Priyanka M. V. | 15-06-91 | Botany | SNM College, Maliankara | 01-01-2019 | |
| 12 | Aiswarya S. Sasidharan | 22-08-91 | Mathematics | St. Albert's College, Ernakulam | 01-01-2019 | |
| 13 | Chaithanya Antony | 25-10-91 | English | Nirmala College, Muvattupuzha | 01-01-2019 | |
| 14 | Helena Treesa Mathew | 13-04-92 | History | Assumption College, Changanassery | 01-01-2019 | |

Draft #22 of File 64499/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Jun-2022 12:59 PM - Page 3

മലയാളം സർവ്വകലാശാല, കേരളം

Draft #22 of File 64499/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Jun-2022 12:59 PM - Page 4

| | | | | | | |
|---|---|---|---|---|---|---|
| 15 | Sreerenjini C. R. | 01-12-92 | Chemistry | School of Chemical Sciences, MGU | 01-01-2019 | |
| 16 | Vidya L. | 23-12-92 | Physics | School of Pure and Applied Physics, MGU | 01-01-2019 | |
| 17 | Sukanya S. R. | 24-02-93 | Home Science | St. Teresa's College, Ernakulam | 01-01-2019 | |
| 18 | Jisha Elsa Abraham | 23-09-93 | Physics | School of Pure and Applied Physics, MGU | 01-01-2019 | |
| 19 | Sheba P. T. | 20-10-93 | Botany | St. Teresa's College, Ernakulam | 01-01-2019 | |
| 20 | Gopika G. Nair | 26-11-93 | Physics | C.M.S. College, Kottayam | 01-01-2019 | |
| 21 | Tom Jose | 05-12-93 | Malayalam | U. C. College, Aluva | 01-01-2019 | |
| 22 | Sreekavya E. K. | 14-03-94 | Political Science | St. Thomas College, Pala | 01-01-2019 | |
| 23 | Syama Prabha | 10-11-94 | Botany | C.M.S. College, Kottayam | 01-01-2019 | |
| 24 | Amose P. Thomas | 16-11-94 | Botany | St. Peter's College, Kolenchery | 01-01-2019 | I RANK |
| 25 | Ramseena P. | 22-03-95 | Hindi | Nirmala College, Muvattupuzha | 01-01-2019 | |
| 26 | Lakshmi S. Nair | 15-04-95 | History | Assumption College, Changanassery | 01-01-2019 | |
| 27 | Jayasree S. | 17-05-93 | Botany | Maharaja's College, Ernakulam | 16-12-2019 | |
| 28 | Redu Valsam A. | 08-05-94 | Philosophy | Maharaja's College, Ernakulam | 27-12-2019 | |
| 29 | Aiswarya Anilkumar | 01-05-97 | Hindi | Maharaja's College, Ernakulam | 30-12-2019 | |
| 30 | Maya Mathew | 23-03-88 | Biochemistry | School of Biosciences, MGU | 01-01-2020 | |
| 31 | Jenat P. J. | 02-04-89 | Biosciences (Biotechnology) | School of Biosciences, MGU | 01-01-2020 | |
| 32 | Greeshma M. S. | 23-02-93 | Computer Science | School of Computer Sciences, MGU | 01-01-2020 | |
| 33 | Bhadrapriya B. C. | 28-05-94 | Physics | School of Pure and Applied Physics, | 01-01-2020 | |

Draft #22 of File 64499/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Jun-2022 12:59 PM - Page 5

| | | | | | | |
|---|---|---|---|---|---|---|
| | | | | MGU | | |
| 34 | Athira Mohan S. | 10-08-94 | Biochemistry | School of Biosciences, MGU | 01-01-2020 | |
| 35 | Ananthalekshmi L. P. | 29-11-94 | Biotechnology | School of Biosciences, MGU | 01-01-2020 | |
| 36 | Binila K. Korah | 07-07-95 | Chemistry | School of Chemical Sciences, MGU | 01-01-2020 | |
| 37 | Liz Jose | 26-07-95 | Politics & International Relations | School of International Relations & Politcs, MGU | 01-01-2020 | |
| 38 | Nisha A. S. | 05-05-85 | Management Studies | School of Management and Business Studies, MGU | 03-01-2020 | ICSSR Doctoral Fellowship from 16-12-2021 to 15-12-2022 |
| 39 | Jimna Mohamed Ameer | 07-06-91 | Biochemistry (Neurobiology) | Inter University Centre for Biomedical Research & Super Speciality Hospital, MGU | 02-08-2021 | |
| 40 | Tomin Sunny | 04-08-97 | Environmental Science | School of Environmental Sciences,MGU | 03-08-2021 | |
| 41 | Pranav George | 10-08-95 | Physics | School of Pure and Applied Physics, MGU | 06-08-2021 | |
| 42 | Lekshmi Priya R. | 17-05-91 | Law | School of Indian Legal Thought, MGU | 31-08-2021 | |
| 43 | Manjusha Premnath | 18-08-87 | Biosciences (Bioinformatics) | School of Biosciences, MGU | 01-09-2021 | |
| 44 | Lenin Thomas | 01-01-90 | Physical Education | School of Physical Education & Sports Sciences | 01-09-2021 | |
| 45 | Shalini Balakrishnan | 17-04-90 | Biosciences (Biotechnology) | School of Biosciences, MGU | 01-09-2021 | |

മലയാളം സർവ്വകലാശാല, കേരളം

Draft #22 of File 64499/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Jun-2022 12:59 PM - Page 6

| | | | | | | |
|---|---|---|---|---|---|---|
| 46 | Nibin Babu | 31-05-91 | Physical Education | School of Physical Education & Sports Sciences | 01-09-2021 | |
| 47 | Anoop P. S. | 19-11-91 | Management Studies | School of Management and Business Studies, MGU | 01-09-2021 | |
| 48 | Sarath Gokul G. | 22-05-92 | Physical Education | School of Physical Education & Sports Sciences | 01-09-2021 | |
| 49 | Aswin Rajan Varghese | 20-07-93 | Politics & International Relations | School of International Relations & Politcs, MGU | 01-09-2021 | |
| 50 | Gopu M. Vijayan | 23-02-94 | Physical Education | School of Physical Education & Sports Sciences | 01-09-2021 | |

പരാമർശം (5) പ്രകാരം, ഫെലോഷിപ്പ് ലഭിച്ച 150 പേരുടെ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ട ശ്രീമതി. പ്രജിത വി -യുടെ ഒഴിവിലേയ്ക്ക് പരാമർശം (4)- ലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഫെലോഷിപ്പ് അനുവദിക്കപ്പെട്ട ഗവേഷകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Name | Date of Birth | Subject of Research | Centre of Research | Date of Joining | Remarks |
|---|---|---|---|---|---|---|
| 1 | Aparna Baiju | 21-09-88 | English | CMS College, Kottayam | 01-01-2020 | |

ഫെലോഷിപ്പ് കൈപ്പറ്റുന്നത് സംബന്ധിച്ചുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

- ഫെലോഷിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഗവേഷണത്തിന് ചേർന്ന തീയതി മുതൽ പ്രതിമാസം ₹12,000 (പന്ത്രണ്ടായിരം രൂപ മാത്രം) നിരക്കിൽ ഫെലോഷിപ്പും, പ്രതിവർഷം ₹5,000 (അയ്യായിരം രൂപ മാത്രം) നിരക്കിൽ കണ്ടിൻജൻസി ഗ്രാന്റും, പരമാവധി 3 വർഷത്തേക്ക് നൽകുന്നതാണ്.
- ഫെലോഷിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ പൂർണ സമയ ഗവേഷണത്തിൽ ഏർപ്പെടേണ്ടതും, ഈ കാലയളവിൽ മറ്റ് ജോലികളിൽ പ്രവേശിക്കാൻ പാടില്ലാത്തതും ഏതെങ്കിലും സ്രോതസ്സിൽ നിന്നും ശമ്പളമോ, സ്റ്റൈപന്റോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങളോ സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു. തങ്ങളുടെ കീഴിൽ ഗവേഷണത്തിന് ഏർപ്പെട്ടിരിക്കുന്നവർ ക്രമപ്രകാരം അല്ലാത്ത രീതിയിൽ ഫെലോഷിപ്പ് വാങ്ങുന്നില്ല എന്നത് ഗവേഷണ മാർഗദർശിയും സ്ഥാപന മേധാവിയും ഉറപ്പാക്കേണ്ടതാണ്. ഗവേഷണ മാർഗ്ഗദർശി രണ്ടാം വർഷത്തിൻറെ അവസാനം ഗവേഷണ വിദ്യാർത്ഥിയുടെ ഗവേഷണ പുരോഗതി വിലയിരുത്തി ആയത് സർവകലാശാലക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

- ഗവേഷണ പുരോഗതി തൃപ്തികരമല്ലാത്തവരെ ഫെലോഷിപ്പ് സ്കീമിൽ നിന്നും ഒഴിവാക്കുന്നതാണ്. ഗവേഷകർക്ക് അർഹമായ ഫെലോഷിപ്പ് തുക സർവ്വകലാശാല പഠന വകുപ്പ് തലവന്മാരും, അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലെ തലവന്മാരും സർവ്വകലാശാലയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.
- ഫെലോഷിപ്പ് തുകക്കുള്ള ബില്ലുകൾ (ഡ്യൂപ്ലിക്കേറ്റ് സഹിതം), ഫെലോഷിപ്പ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്, ജോയിനിംഗ് റിപ്പോർട്ട്, പി.എച്ച് ഡി.രേജിസ്ട്രേൻ ഉത്തരവ് എന്നിവയുടെ പകർപ്പുകൾ,നിശ്ചിത മാതൃകയിലുള്ള പ്രതിമാസ ഗവേഷണ പുരോഗതിയുടെ റിപ്പോർട്ട്, റവന്യൂ സ്റ്റാമ്പോ ട് കൂടിയ മുൻകൂർ രസീത് എന്നിവ സഹിതം ജോയിൻറ് രജിസ്ട്രാർ II (ഭരണ വിഭാഗം)-ൻറെ മേലൊപ്പിനായി സമർപ്പിക്കേണ്ടതാണ്. ഫെലോഷിപ്പ് തുകകൾ അതാത് സാമ്പത്തിക വർഷം തന്നെ വാങ്ങിയിരിക്കേണ്ടതാണ്.
- പൂർണ സമയ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷകർക്ക് പരമാവധി ഒരു വര്ഷം അക്കാദമിക് ലീവ് അനുവദനീയമാണ്. ഈ കാലയളവിൽ സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഒരു റഫറീഡ് ജേർണലിലുള്ള (ISSN) ഏറ്റവും കുറഞ്ഞത് ഒരു പ്രസിദ്ധീകരണം, അന്തർദേശീയ കോൺഫറൻസിൽ കുറഞ്ഞത് ഒരു ലേഖനാവതരണം എന്നിവയുൾപ്പെടെയുള്ള ഗവേഷണ പുരോഗതിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലായിരിക്കും ഫെലോഷിപ്പ് കാലാവധി മൂന്നാം വർഷത്തേക്ക് ദീർഘിപ്പിക്കുന്നത്.
- എല്ലാ ഗവേഷക വിദ്യാർത്ഥികളും അവരുടെ പ്രസിദ്ധീകരണങ്ങളിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്നും ഫെലോഷിപ്പ് കൈപ്പറ്റുന്നത് രേഖപ്പെടുത്തേണ്ടതാണ്. അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ ഗവേഷണം നടത്തുന്ന എല്ലാ ഗവേഷകരും അവരുടെ പ്രസിദ്ധീകരണങ്ങളിൽ തങ്ങളുടെ ഗവേഷണ കേന്ദ്രം മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ളതാണെന്ന് രേഖപ്പെടുത്തേണ്ടതാണ്.
- തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ 200 രൂപ മുദ്രപത്രത്തിൽ സർവ്വകലാശാലയുമായി ഉടമ്പടിയിൽ ഏർപ്പെടുത്തേണ്ടതാണ്. ഫെലോഷിപ്പ് സംബന്ധിച്ച് കാലാകാലങ്ങളിൽ ഉള്ള സർവ്വകലാശാല നിയമങ്ങൾ അവർക്ക് ബാധകമായിരിക്കും.

ഫെലോഷിപ്പിനത്തിലുള്ള മേൽ ചെലവുകൾ നടപ്പ് സമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ Plan (Expenditure) “21 101 99 a - Strengthening Scientific Research and Academic Programmes - Scholarships and Fellowships for Research Students as part of promoting research activities” എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പരാമർശിത ഗവേഷക വിദ്യാർത്ഥികൾ
2. സർവ്വകലാശാല പഠന വകുപ്പ് തലവന്മാർ
3. ബന്ധപ്പെട്ട ഗവേഷക കേന്ദ്രത്തിന്റെ തലവന്മാർ

Draft #22 of File 64499/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Jun-2022 12:59 PM - Page 7

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. കമ്മിറ്റി അംഗങ്ങൾ

5. വൈസ്-ചാൻസലർ, പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

6. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ

7. എ.സി.എ II/X/XI/XIII , ഇ.ബി. X / ഇ.ബി. XIV /Ad Dസെക്ഷനുകൾ

8. ഓഡിറ്റ് V , ജനറൽ ക്യാഷ് സെക്ഷനുകൾ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #22 of File 64499/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Jun-2022 12:59 PM - Page 8

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം